LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര കുടിവെള്ള വിതരണ പദ്ധതി നിലനിർത്തുന്നതിനും നടപ്പാക്കുന്നതിനും നടപടി

*5 [335] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
" വി. കെ. സി. മമ്മത്കോയ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിന് സ്റ്റേറ്റിന്റെ വരുമാനം ഉപയോഗിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്ലാനിംഗ് ബോർഡ് ഇതു സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ജലവിതരണ മേഖലയിൽ നിന്ന് സർക്കാർ പിൻമാറുന്നതിന്റെ ഭാഗമായി ഇതിനകം സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ഡി) വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ഇതിന്റെ ഭാഗമായിട്ടാണോ;

(ഇ) ഇത്തരം നടപടികൾക്കെതിരെ ഉയർന്നു വരുന്ന ബഹുജനാഭിപ്രായം പരിഗണിച്ച് ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ സമഗ്ര കുടിവെള്ള വിതരണ പദ്ധതി നിലനിർത്തുന്നതിനും തുടർന്ന് നടപ്പാക്കുന്നതിനും തയ്യാറാവുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഇല്ല.

(ബി) കുടിവെള്ള വിതരണത്തിന് സ്റ്റേറ്റിന്റെ വരുമാനം ഉപയോഗിക്കേണ്ടതില്ലെന്ന് പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടില്ല.

(സി) ജലവിതരണ മേഖലയിൽ നിന്ന് സർക്കാർ പിൻമാറാൻ തീരുമാനിച്ചിട്ടില്ല.

(ഡി) അല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.